# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2785 14-12-2015-ൽ മറുപടിയ്ക്ക്

### പട്ടികജാതി വിഭാഗത്തിനു ചികിത്സാ ധനസഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ എം.എൽ.എ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ എം.എൽ.എ<br>ശ്രീ. വി.ഡി.. സതീശൻ എം.എൽ.എ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ | | **ശ്രീ. എ.പി. അനിൽകുമാർ,**<br>(പട്ടികജാതി- പിന്നാക്കസമുദായ ക്ഷേമവും, വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി) | |
| എ) | പട്ടികജാതി വിഭാഗക്കാർക്കായി ചികിത്സാ ധനസഹായത്തിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ; | എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ മാരകമായ അത്യാഹിതങ്ങളിൽ പ്പെടുകയാണെങ്കിൽ, ബഹു. പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 09-01-1998-ലെ സ.ഉ (കൈ) നം. 1/98/പജ പവ വിവ പ്രകാരം 1998 മുതൽ ചികിൽസാ ധനസഹായം അനുവദിച്ചു വരുന്നു. 20-09-2012 ലെ സ.ഉ (കൈ) നം.128/12/പജ പവ വിവ പ്രകാരം, ടി ധനസഹായം അനുവദി ക്കുന്നതിനുള്ള വരുമാന പരിധി, 50,000/- രൂപയായും ധനസഹായം 50,000/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ ക്യാൻസർ, ഹൃദയ ശസ്ത്രക്രിയ, വൃക്കമാറ്റി വെയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരക രോഗങ്ങളുടെ ചികിത്സയ്ക്കായി 1 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നു. രോഗി ചികിത്സയിലിരിക്കുന്ന ആശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റ്, ചികിത്സയ്ക്കു വേണ്ടി വരുന്ന ചെലവ് സംബന്ധിച്ച് ആശുപത്രി അധികൃതർ നൽകുന്ന എസ്റ്റിമേറ്റ് , ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആശുപത്രിക്കാണ് മേൽ തുക അനുവദിയ്ക്കുന്നത് |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി | നിർദ്ധനരും, മാരക രോഗം ബാധിച്ചവരുമായ പട്ടികജാതിക്കാർക്ക്, ചികിത്സാ രംഗത്തുണ്ടായ മാറ്റങ്ങളും, വർദ്ധിച്ചുവരുന്ന ചെലവുകളും പരിഗണിച്ച് ചികിത്സയ്ക്കായി ധനസഹായം അനുവദിക്കുകയാണ് ടി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഈ പദ്ധതി പ്രകാരം ചികിത്സാ ധനസഹായമായി 50,000/- രൂപ വരെ രോഗിക്ക് നേരിട്ടും, മാരക രോഗങ്ങളായ ഹൃദയ ശസ്ത്രക്രിയ, ഡയാലിസിസ്, ക്യാൻസർ, പക്ഷാഘാതം, ഹീമോഫീലിയ, ബ്രെയിൻ ട്യൂമർ, വൃക്ക മാറ്റി വയ്ക്കൽ ശസ്ത്ര ക്രിയ എന്നിവയ്ക്കായി 1,00,000/- രൂപ ആശുപത്രി മുഖേനയും അനുവദിച്ചുവരുന്നു. |
| സി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | സി | പദ്ധതി നടപ്പിലാക്കുന്നതിനായി വകുപ്പിലെ ജില്ലാ പട്ടികജാതി വികസന ആഫീസർമാർക്ക് തുക അനുവദിച്ച് നൽകുകയും, ഇവർ തുക മാറി പി..ഡി. അക്കൗണ്ടിൽ നിക്ഷേപിച്ച് ബന്ധപ്പെട്ട അപേക്ഷകന് നേരിട്ട് ചെക്കായോ, അല്ലെങ്കിൽ ബന്ധപ്പെട്ട ബ്ലോക്ക്/നഗരസഭ പട്ടികജാതി വികസന ആഫീസർ മുഖാന്തിരമോ ധനസഹായ തുക വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ധനസഹായത്തിനുള്ള അപേക്ഷകൾ ജില്ലാ ആഫീസുകളിലും ബ്ലോക്ക്/നഗരസഭ പട്ടികജാതി വികസന ആഫീസുകളിലും ലഭ്യമാണ്. ബ്ലോക്ക്/നഗരസഭ ആഫീസർമാർ ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് ജില്ലാ ആഫീസർമാർക്കും, ജില്ലാ ആഫീസർ വകുപ്പ് ഡയറക്ടർക്കും അയച്ചുവരുന്നു. 5,000/- രൂപ വരെ ജില്ലാ ആഫീസറും, 10,000/- രൂപ വരെ വകുപ്പു ഡയറക്ടറും, 10,000/- രൂപയ്ക്ക് മുകളിൽ വരുന്ന തുക സർക്കാരും അനുവദിക്കുന്നു. |

| | |
|---|---|
| | അപേക്ഷകർ ജില്ലാ ആഫീസുകളിലെത്തി തുക കൈപ്പറ്റുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനും, തുക വിതരണത്തിൽ ഉണ്ടാകാവുന്ന കാലതാമസം ഒഴിവാക്കുന്നതിനുമായി ബ്ലോക്ക് പട്ടികജാതി വികസന ആഫീസർമാരുടെ പേരിൽ TSB അക്കൗണ്ട് ആരംഭിച്ച് ധനസഹായ വിതരണം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ